## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 292** **04-10-2021 - ൽ മറുപടിയ്ക്ക്**

## റേഷൻ ഡീലർമാർക്കുള്ള മാർജിൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാലത്തെ ഭക്ഷ്യ കിറ്റ് വിതരണത്തിലും റേഷൻ വിതരണ ഇനത്തിലും റേഷൻ ഡീലർമാർക്കുള്ള മാർജിൻ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ടോ; | (എ) | റേഷൻ വിതരണം പൂർത്തിയായാൽ ഉടനെ തന്നെ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ച് നൽകുന്നുണ്ട്.ടി ഇനത്തിൽ 2021 ഓഗസ്റ്റ് മാസം വരെയുള്ള കമ്മീഷൻ നൽകിയിട്ടുണ്ട്.കോവിഡിനോടനുബന്ധിച്ച് 2020 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്കും,ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്കും കൈകാര്യ ചെലവിനത്തിൽ 10,60,28,792 രൂപാ അനുവദിച്ചിട്ടുണ്ട്.ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടുന്ന കൈകാര്യചെലവ് നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു . |
| (ബി) | ഇല്ലെങ്കിൽ ഈയിനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2020 ഒക്ടോബർ മുതൽ 2021 ജൂൺ വരെ വിതരണം നടത്തിയ കിറ്റുകൾക്കും, 2021 ആഗസ്റ്റ് മാസം വിതരണം ചെയ്ത ഓണകിറ്റുകൾക്കും കൈകാര്യചെലവ് വേണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിയ്ക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു . |
| (സി) | കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഒക്ടോബർ 2020 മുതൽ വിതരണം ചെയ്ത അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടുന്ന കൈകാര്യചെലവ് നൽകേണ്ടതുണ്ടോ എന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല . |
| (ഡി) | റേഷൻ ഡീലർമാർക്കുള്ള മാർജിൻ യഥാകാലങ്ങളിൽ പരിഷ്കരിക്കണമെന്ന് ടി.പി.ഡി.എസ്. ചട്ടങ്ങൾ 2021-ൽ പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പരാമർശിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ